# അധ്യാപകർ പ്രക്ഷോഭത്തിലേയ്ക്ക്

**സംയുക്ത അധ്യാപക സമിതി**

**കേരളത്തിലെ വിദ്യാഭ്യാസ രംഗം നേരിടുന്ന ഗൗരവമായ വിഷയങ്ങൾ ഉയർത്തി സംയുക്ത അധ്യാപക സമിതി ശക്തമായ പ്രക്ഷോഭങ്ങൾ ആവിഷ്ക്കരിച്ചിരിക്കുകയാണ്. ഒന്നാം ഘട്ടമായി ജൂലായ് 19ന് സെക്രട്ടറിയേറ്റിന് മുന്നിൽ സംസ്ഥാന നേതാക്കളുടെ രാപ്പകൽ സമരം**

1. **സർവീസിലിരിക്കുന്ന അധ്യാപകരെ പിരിച്ചുവിടാനുള്ള ഉത്തരവു പിൻവലിക്കുക. ജോലി സംരക്ഷണവും ശമ്പളവും നിലനിർത്തുക.**

   GO (p)No. 29/2016 Dt 29-1-16 ഉത്തരവു പ്രകാരം 2015 മാർച്ച് 31 വരെ നിയമനം ലഭിച്ച മുഴുവൻ അധ്യാപകർക്കും ജോലി സംരക്ഷണം നൽകിയിട്ടുണ്ട്. 2017-18 സ്റ്റാഫ് ഫിക്സേഷൻ ഉത്തരവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2016 - 2017-ലെ 34017 നമ്പർ സർക്കുലർ പ്രകാരം തസ്തിക നഷ്ടപ്പെട്ട അധ്യാപകർ 2017 ജൂലായ് 15നു ശേഷം സ്കൂളുകളിൽ തുടരേണ്ടതില്ലയെന്നു 1-7-2017-ലെ 444444 നമ്പർ സർക്കുലറിൽ GO (p) No. 29/2016 ഉത്തരവിന് വിരുദ്ധമായി 2011-12 മുതൽ അധിക തസ്തികകളിൽ നിയമനം നേടിയവർ മുതൽ സംരക്ഷണാനുകൂല്യം നൽകിയിട്ടില്ലയെന്നും പരാമർശിച്ചിരിക്കുന്നു. GO (p) No. 29/2016 ഉത്തരവു പ്രകാരം ജോലിസ്ഥിരതയ്ക്കു അർഹരായവരിൽ 2017-18 സ്റ്റാഫ് ഫിക്സേഷനിൽ തൊഴിൽ നഷ്ടപ്പെടുന്ന മുഴുവൻ അധ്യാപകർക്കും ശമ്പളം നൽകുകയും പുനർവിന്യാസം നൽകുകയും ചെയ്യണം.

   പുനൽ വിന്യാസത്തിന്റെ ഉത്തരവുകൾ വിദ്യാഭ്യാസ വകുപ്പ് പൂർത്തിയാക്കി എന്നാണ് അവകാശപ്പെടുന്നത്. നിരവധി അധ്യാപകർ സംരക്ഷണത്തിന് അർഹതയുള്ളവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പുനർവിന്യാസത്തിൽ യാതൊരു മാനദണ്ഡവും പാലിച്ചിട്ടില്ല. ജൂനിയറായ അധ്യാപകർ വളരെ അടുത്തും സീനിയർ വളരെ ദൂരേയും പോയ സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. ആലപ്പുഴ ജില്ലയിലെ ചെന്നിത്തലയിലെ മഹാത്മാമാസ് സ്കൂളിലെ അധ്യാപകരെ കാസർഗോട്ടേയ്ക്കാണ് പുനർവിന്യസിച്ചിട്ടുള്ളത്. പുനർവിന്യാസത്തിന് വ്യക്തമായ മാനദണ്ഡം വേണം. അധ്യാപകർക്ക് ഒഴിവുകളിൽ ഓപ്ഷൻ നൽകി സീനിയേറിറ്റി മാനദണ്ഡമാക്കി വേണം പുനർവിന്യാസം നടത്താൻ.

2. **പ്രൈമറി അധ്യാപകരുടെ തസ്തിക 1:30 ലും ഹൈസ്കൂൾ അധ്യാപകരുടേത് 1:35 ലും നിലനിർത്തുക. 16-17 തസ്തികാനിർണ്ണയം നടത്തുക - ഹെഡ്മാസ്റ്റർ തസ്തിക നിലനിർത്തുക**

   2017-18 സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയ നിർദ്ദേശപ്രകാരം എൽ.പി. ക്ലാസുകളിൽ 1:30 അനുപാതം പ്രഖ്യാപിച്ചെങ്കിലും 200 കുട്ടികൾ ഉള്ള ഒരു ക്ലാസിൽ 5 ഡിവിഷനുകൾ മാത്രമേ അനുവദിക്കുകയുള്ളു. ഫലത്തിൽ 1:30 അനുപാതം അട്ടിമറിക്കപ്പെടുകയും 1:40 അനുപാതമായി മാറുകയും ചെയ്യുന്നു. 9,10 ക്ലാസുകളിലെ തസ്തിക പ്രകാരം ജോലി ചെയ്യുന്ന അധ്യാപകർക്ക് ജോലി സ്ഥിരത ഇല്ലാത്തവർക്ക് മുൻകാലങ്ങളിൽ 1:40 അനുപാതത്തിൽ സംരക്ഷണം നൽകി നിലനിർത്തിയിരുന്നു. 2017-18 സ്റ്റാഫ് ഫിക്സേഷൻ പ്രകാരം 1:50 പ്രകാരം മാത്രമേ തസ്തിക അനുവദിക്കുന്നുള്ളു. ഇതുകാരണം ആയിരത്തില

ധികം ഹൈസ്കൂൾ അധ്യാപകരുടെ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യവുമായിരിക്കുന്നു. 9,10 ക്ലാസുകളിൽ 1:35 അനുപാതത്തിൽ സ്റ്റാഫ് ഫിക്സേഷൻ നടത്താൻ നടപടിയുണ്ടാകണം.

2016-17 ൽ തസ്തിക നിർണ്ണയം നടത്താൻ ഇനിയും ഉത്തരവായില്ല. 17-18 നടത്താൻ മാത്രമാണ് ഇപ്പോൾ പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ 1 വർഷമായി ജോലി ചെയ്യുന്നവരുടെ കാര്യം വൃഥാവിലാവുകയാണ്. എൽ.പി. സ്കൂളിൽ 1:30യിലും 1:35 യുപി/ ഹൈസ്കൂളിലും കണക്കാക്കി തസ്തിക അനുവദിക്കാമെന്ന് 6.8.2015 ന് യു.ഡി.എഫ് സർക്കാർ ഉത്തരവിറക്കിയിരിക്കുന്നു. ഇത് മറച്ചുവച്ചാണ് 19.06.2017 ന് ഇറങ്ങിയ സർക്കാർ ഉത്തരവിന്വേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറത്തിറക്കിയ പരിപത്രം. എൽ.പി.സ്കൂളിൽ 120 മുതൽ 200 കുട്ടികൾക്ക് 5 ഡിവിഷൻ മാത്രമാണ് ഇപ്പോൾ  അനുവദിച്ചിട്ടുള്ളത് ഇത് 1:30 അനുപാതം അട്ടിമറിച്ചതിന് തുല്യമാണ്. 9:10 ക്ലാസ്സുകളിലാകട്ടെ 51 മുതൽ 95 വരെ 2 ഡിവിഷൻ എന്നാണ് പറയുന്നത്. ഇത് അധ്യാപകരോടും വിദ്യാർത്ഥികളോടുമുള്ള കടുത്ത വഞ്ചനയാണ്.

കൂടാതെ 5-ാം ക്ലാസ്സ് എൽ.പിയിലും 8-ാം ക്ലാസ്സ് യു.പിയിലേയ്ക്കും 9-12 വരെ ഒറ്റ യൂണിറ്റായും വരുമെന്നാണ് പറയുന്നത് ഇത് സംബന്ധിച്ച് യാതൊരു ചർച്ചയും അധ്യാപക സംഘടനകളുമായി നടന്നിട്ടില്ല. ഹൈസ്കൂളിലെ പ്രധാന അധ്യാപക തസ്തിക ഇല്ലാതാകുമെന്ന ആശങ്ക അധ്യാപകർക്കുണ്ട്. പ്രധാന അധ്യാപക തസ്തിക ഇല്ലാതാക്കാനുള്ള നീക്കം അനുവദിക്കില്ല.

3. **അന്യായമായ അധ്യാപക സ്ഥലം മാറ്റം അവസാനിപ്പിക്കുക**

രാഷ്ട്രീയ വിദ്വേഷത്തിന്റെ പേരിൽ അധ്യാപകരെ അന്യായമായി സ്ഥലം മാറുകയും വ്യാജപരാതികൾ ഉണ്ടാക്കി പീഡിപ്പിക്കുകയും ചെയ്യുന്നത് വ്യാപകമായിരിക്കുന്നു. കെ.പി.എസ്.ടി.എ സംസ്ഥാന അസോ. ജനറൽ സെക്രട്ടറി ടി.കെ. എവുജിനെ ഉൾപ്പെടെയുള്ളവരെ അന്യായമായും അനവസരത്തിലും സ്ഥലം മാറ്റിയിരിക്കുന്നു. അന്യായമായ സ്ഥലം മാറ്റം റദ്ദുചെയ്യാൻ നടപടി സ്വീകരിക്കണം. ഓൺലൈൻ ട്രാൻസ്ഫർ മാറികടന്ന് ധാരാളം സ്ഥലം മാറ്റങ്ങൾ രാഷ്ട്രീയ പ്രേരിതമായി നടക്കുന്നു. ഹയർ സെക്കന്ററി മേഖലകൾ ഇത് വ്യാപകമാണ്. പ്രിൻസിപ്പൽ നിയമങ്ങൾ വകുപ്പ് നിർദ്ദേശിച്ചതിൽ നിന്നും വ്യത്യസ്തമായി എല്ലാ മാനദണ്ഡങ്ങളും ലംഘിച്ച 35 പേരെ കൂടി അധികം ട്രാൻസ്ഫർ നൽകി. ഇത് അപലപനീയമാണ്.

4. **ഹയർ സെക്കണ്ടറിയിലെ സ്ഥിരം തസ്തികയിൽ ഗസ്റ്റ് നിയമനമെന്ന ഉത്തരവു പിൻവലിക്കുക.**

ഹയർ സെക്കണ്ടറി സ്കൂളുകളിലെ സ്ഥിരം തസ്തികകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം ഉപേക്ഷിക്കണം. ഹയർ സെക്കന്ററി മേഖലയിലെ നിയമനിരോധനത്തിനും മേഖലയുടെ നിലവാരം തകരുന്നതിനും ഇത് വഴിവെക്കും. ഹയർസെക്കന്ററി മേഖല നിലനിർത്തണം.

ഹയർസെക്കന്റി പ്രിൻസിപ്പൽമാരെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കണം. എയ്ഡഡ് പ്രിൻസിപ്പൽമാരെ സെൽഫ് ഡ്രോയിംഗ് ഓഫീസർമാരാക്കണം. സീനിയർ ജൂനിയർ പ്രശ്നം പരിഹരിക്കണം. യു.ഡി.എഫ് സർക്കാർ നൽകിയ പുതിയ ബാച്ചിലേയ്ക്കും സ്കൂളിലേയ്ക്കും അധ്യാപക തസ്തിക അനുവദിക്കണം. അവിടങ്ങളിൽ പഠിച്ച് പോയ കുട്ടികൾക്ക് ജോലി ലഭിച്ചു തുടങ്ങി

പഠിപ്പിച്ച അധ്യാപകർ ഇപ്പോഴും ശമ്പളമില്ല എന്ന അവസ്ഥയുണ്ട്.

5. **ഹയർസെക്കണ്ടറി – വിഎച്ച്എസി മേഖലയിലെ അരക്ഷിതാവസ്ഥ അവസാനിപ്പിക്കുക.**

ഭരണനിർവ്വഹണത്തിന് മതിയായ ജീവനക്കാരില്ലാത്തതും പ്രിൻസിപ്പാൾമാരെ ക്ലാസ് ചാർജിൽ നിന്നൊഴിവാക്കാത്തതും തസ്തികകൾ വെട്ടിക്കുറച്ച് ജോലിഭാരം വർദ്ധിപ്പിച്ചതും ഈ മേഖലയിൽ അരക്ഷിതാവസ്ഥ ഉണ്ടാക്കിയിരിക്കുന്നു. ഉടനടി ആവശ്യമായ പരിഹാരം കാണണം.

വി.എച്ച്.എസ്.ഇ മേഖലയിലും നിരവധി പ്രശ്നങ്ങളാണ്. എൻ.എസ്.ക്യു.എഫ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അധ്യാപകർ ആശങ്കയിലാണ്. ശനിയാഴ്ച പ്രവൃത്തി ദിവസം വി.എച്ച്.എസ്.ഇ യിൽ മാത്രം തുടങ്ങുന്നു. വി.എച്ച്.എസ്.ഇ – എച്ച്.എസി.ഇ മേഖലയിലെ പ്രശ്നങ്ങൾക്ക് എത്രയും വേഗം പരിപാരമുണ്ടാകണം.

6. **ഭാഷാ സ്പെഷ്യലിസ്റ്റ് അധ്യാപക ദ്രോഹനടപടികൾ അവസാനിപ്പിക്കുക.**

ഭാഷാ, സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് പുതിയ അധ്യാപക വിദ്യാർത്ഥി അനുപാതം നൽകി തസ്തിക പുനർനിർണയം നടത്തി സംരക്ഷണം നൽകണം.

ഭാഷാധ്യാപക മേഖലയിൽ അധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചതിന് ആനുപാതികമായി തസ്തിക അനുവദിക്കണം. ഹയർസെക്കന്ററിയിൽ ഭാഷാപഠനത്തിന് സൗകര്യം ഒരുക്കണം. എല്ലാ വിദ്യാലയങ്ങളിലും പി.ഇ.റ്റി, ഡബ്ല്യൂ.ഇ, കലാ അധ്യാപകരെ നിയമിക്കണം. കായികവിദ്യാഭ്യാസം പൊതുവിദ്യാഭ്യാസത്തിനും വിദ്യാർത്ഥികൾക്കും കരുത്തുപകരും എന്ന കാര്യത്തിൽ തർക്കമില്ല. വിദ്യാലയങ്ങളിലെ ഡിവിഷനുകളിൽ ലഭിക്കുന്ന പീരിയഡിനനുസരിച്ച് കായികാധ്യാപകരെ നിയമിക്കണം. ഹയർസെക്കന്ററി മേഖലയിലും കായികാധ്യാപക സ്പെഷ്യലിസ്റ്റ് അധ്യാപക സേവനം ഉറപ്പുവരുത്തണം.

7. **അഭിപ്രായ സ്വാതന്ത്ര്യം പുനഃസ്ഥാപിക്കുക.**

സർക്കാരിന്റെ ഭരണപരാജയങ്ങൾ കാണിക്കുന്ന മെസേജുകളും മറ്റും പോർവേഡ് ചെയ്തതിന്റെ പേരിൽ വ്യാപകമായി അധ്യാപകരേയും ജീവനക്കാരെയും സ്ഥലംമാറ്റുകയും സസ്പെൻഡു ചെയ്യുന്ന നടപടി കേരളത്തിൽ വ്യാപകമായിരിക്കുകയാണ്. വിമർശനങ്ങളെ അസഹിഷ്ണുതയോടെ കാണുന്നത് ഫാഷിസ്റ്റ് രീതിയാണ്. തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവരെ ശിക്ഷിക്കുന്നതിനുപകരം തെറ്റു തിരുത്തുന്നതനിനുള്ള നടപടി യാണ് സർക്കാർ സ്വീകരിക്കേണ്ടത്.

8. **ഐടി @ സ്കൂൾ കമ്പനിവൽക്കരിക്കുന്നതിനുള്ള ഉത്തരവ് പിൻവലിക്കുക.**

കിഫ്ബി ഫണ്ട് ചിലവഴിക്കാനെന്ന വ്യാജേന —വകുപ്പിനെ കമ്പനിവൽക്കരിക്കുന്നതു വഴി സ്ഥാപനത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടാനും നിലവിൽ അധ്യാപകർക്ക് ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യാനുള്ള സാധ്യത ഇല്ലാതാക്കാനും സാഹചര്യമുണ്ടാകും. വിദ്യാഭ്യാസ വ കുപ്പിൽ നിന്നും വിട്ടുപോകാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

കമ്പനിയുടെ ഡയറക്ടർ ബോർഡ് സർക്കാർ തീരുമാനിക്കുന്നവരാണ്. അതുകൊണ്ടുതന്നെ ഡയറക്ടർ ബോർഡ് തീരുമാനത്തെ പിന്നിട്ട് മറികടക്കാനാകില്ല. ഐ.റ്റി രംഗത്തെ വിദഗ്ധരോ, രാഷ്ട്രീയക്കാരെ ഡയറക്ടർ ബോർഡിൽ വരാൻ സാധ്യതയുണ്ട്. വിദ്യാഭ്യാസ വകുപ്പിലെ അധ്യാ

പകർ വർക്ക് അറേൻജ്മെന്റ് വ്യവസ്ഥയിലാണ് ഇപ്പോൾ ഐ.റ്റി@ സ്കൂളിൽ ജോലി ചെയ്യുന്നത്. വിക്ടേഴ്സ് ചാനൽ ഉൾപ്പെടെ കമ്പനിക്ക് കീഴിൽ വരുമ്പോൾ ഭാവിയിൽ എന്താകും എന്ന ആശങ്ക അധ്യാപകർക്കുണ്ട്. 1000 സ്കൂൾ ഹൈടെക്കാക്കുകയാണെന്ന പേരിൽ നാളെ ഡി. പി.ഐ ഓഫീസും കമ്പനിയാകുമോ? അധ്യാപകരുടെ സേവനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വേണ്ടി വരില്ലേ? മറ്റു സംസ്ഥാനങ്ങളിലേതുപോലെ ഇത് ഐ.റ്റി വകുപ്പിന്റെ കീഴിലേയ്ക്ക് മാറുമോ? ഇത് ഒരു കച്ചവട സ്ഥാപനമായി മാറുന്നത് അംഗീകരിക്കാനാവില്ല.

9. **വിദ്യാഭ്യാസ മേഖലയിലെ രാഷ്ട്രീയവൽക്കരണം ഒഴിവാക്കുക.**

വിദ്യാഭ്യാസ മേഖലയിലെ SSA, SCERT, RMSA, IT@School എന്നീ വിഭാഗങ്ങളെ മുഴുവനായും ചുവപ്പുവൽക്കരിച്ച് കമ്മ്യൂണിസ്റ്റുകാരെ മാത്രം ഉൾപ്പെടുത്തി മുന്നോട്ടു പോകാനുള്ള നീക്കം ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കും, വിദ്യാഭ്യാസ ആഫീസർമാരെ നോക്കുകുത്തികളാക്കി സമാന്തര ഭരണം നടത്തുന്ന സംവിധാനം അവസാനിപ്പിക്കണം. ട്രാൻസ്ഫർ, പ്രൊമോഷൻ, തുടങ്ങിയവയിലെ രാഷ്ട്രീയവൽക്കരണവും സസ്പെൻഷൻ നടപടികളും പിൻവലിക്കുകയും ചെയ്യുക.

ബ്രോക്കൺ സർവ്വീസ് പ്രശ്നത്തിന് പരിഹാരം വേണം. അധ്യാപകരുടെ തടഞ്ഞുവച്ച ശമ്പളം നൽകണം. ശമ്പളം തിരിച്ചു പിടിക്കാനുള്ള ഉത്തരവും സംരക്ഷണം നഷ്ടപ്പെടുന്ന സർക്കുലറും പിൻവലിക്കണം. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംയുക്ത അധ്യാപക സമിതി 19ന് രാപ്പകൽ സമരം നടത്തുന്നു. എല്ലാവിധ സഹായസഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു. ഉമ്മൻചാണ്ടി, എം.കെ. മുനീർ തുടങ്ങിയ യുഡിഎഫ് നേതാക്കൾ പങ്കെടുക്കുന്നു.

എന്ന് വിശ്വസ്തതയോടെ,

| | | |
|---|---|---|
| **പി. ഹരിഗോവിന്ദൻ** | **എ.വി. ഇന്ദുലാൽ** | **എ.കെ. സൈനുദ്ദീൻ** |
| ചെയർമാൻ | ട്രഷറർ | കൺവീനർ |
| **റ്റി.എസ്.സലിം** | **ഇഗ്നേഷ്യസ് തോമസ്** | **ബി.മോഹൻകുമാർ** |
| കൺവീനർ | | വൈ.ചെയർമാൻ |

**സംയുക്ത അധ്യാപക സമിതി**